ലേഖനം

ലഹരിക്കടിമപ്പെട്ട കൗമാരം

കുട്ടികളുടെ കൗമാപ്രായത്തിൽ ലഹരിക്ക് വലിയ പങ്ക് വഹിച്ചു കൊണ്ടിരിക്കുകയാണ്.കൗമാരക്കാർക്കിടയിൽ ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വാർത്തകൾ ഓരോ ദിവസവും കൂടിവരുകയാണ്. ഈ കാലഘട്ടങ്ങളിൽ ലഹരിയുടെ ഉപയോഗംഅനുദിനം വർധിച്ചു വരുകയാണ്. മറ്റുള്ളവരുടെ പ്രേരണയാൽ രുചിച്ച് തുടങ്ങി പിന്നീട് അതിന് അടിമപ്പെട്ടു പോകുകയാണ്കൗമാരം. ലഹരികളുടെ ഉപയോഗം കുട്ടികളെ ശാരീരികമായും മാനസികമായും അവരുടെ ജീവിതത്തെ ബാധിക്കും.

എന്താണ് ലഹരി? ലഹരി തരുന്നസുഖം എന്താണ്? മനുഷ്യനെ തന്റെ ചിന്തകളിൽനിന്നും പ്രവർത്തനങ്ങളിൽ നിന്നും മാറ്റിനിർത്തി പൈശാചിക ചിന്തകളിലേക്കും മറ്റുംഎത്തിക്കുന്ന ഒരു മാസ്മരിക ശക്തിയാണ് ലഹരി. ഒരിക്കൽ ഉപയോഗിച്ചാൽ പിന്മാറാൻ പറ്റാത്ത വിധം അത് മനുഷ്യനെ വരിഞ്ഞുമുറുകുന്നു. ലഹരി തരുന്ന സുഖം നൈമിഷികമാണെങ്കിലും അത് ആസ്വദിക്കുവാനുള്ള ആകാംഷയിൽ കൗമാരക്കാർ അതിലേക്ക് കടന്നുവരുന്നു. എവിടെ നിന്നാണ് കുട്ടികൾക്കും യുവാക്കൾക്കും ലഹരി കിട്ടുന്നത്? ഇതിനായി ഇന്ന് ലഹരിമാഫിയകൾ രൂപം കൊണ്ടിട്ടുണ്ട്.തുടക്കത്തിൽ യുവാക്കളേയും കുട്ടികളേയും ലഹരിയിലേക്ക് ആകർഷിക്കാനായി ലഹരികൾ സൗജന്യമായി വിതരണം ചെയ്യും.പിന്നീട് അതിന് അടിമപ്പെട്ട് കഴിയുമ്പോൾ അതില്ലാതെ ജീവിക്കാൻ സാധിക്കില്ല.ഇത്തരം സന്ദർഭങ്ങളിൽഅവർ പണം കണ്ടെത്താനായി എന്തും ചെയ്യും. മോഷണം,പിടിച്ചുപറിമാതാപിതാക്കളെ ചൂഷണം ചെയ്യൽ,എന്നിവയിലൂടെയെല്ലാം അവർ ശ്രമിക്കും. ചിലപ്പോൾ അവ കൊലപാതകം വരെ എത്തിചേരാം.ഒരുതവണ ലഹരിയുടെ കെണിയിൽ പെടുന്നവർക്ക് പിന്നീട് പുറത്തിറങ്ങാൻ കഴിയില്ല. അത് അത്രയും കഠിനമാണ്.

ഏതൊക്കെ സാഹചര്യങ്ങളാണ് ലഹരിയിലേക്ക് നയിക്കുന്നത്? ലഹരിയടെ ഉപയോഗം തടയാനായി നമ്മുക്ക് ചെയ്യാൻ സാധിക്കും? ഇതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടി ഇരിണ്ടിയിരിക്കുന്നു. ഒരേപ്രായക്കാരായ കുട്ടികളുടെ നിർബന്ധം, ലഹരിയിലേക്കുള്ള ആകാംഷ,മാതാപിതാക്കൾ തമ്മിലുള്ള വിള്ളലുകൾ തുടങ്ങിയവയാണ് ലഹരിയിലേക്ക് അടുപ്പിക്കുന്നത്.

കുട്ടികളിൽ നല്ലൊരു വ്യക്തിത്വം വളർത്താൻ മാതാപിതാക്കൾ ശ്രമിക്കണം.സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിവരിന്നുണ്ട്. ഭാവി തലമുറയെ മാരകമായ രോഗങ്ങളിലേക്ക് തള്ളിവിടുന്ന ഈ അത്യാപത്തിനെ സമൂഹത്തിൽനിന്നും നീക്കി കളയുന്നതിനുവേണ്ടിനമുക്കൊരുമിച്ച് കൈകോർക്കാം

ജോയൽ ജോർജ്ജ് 9 എ